L. No. 5/1121. Dated 10-11-1915. Reg. No. M. 3204 C. 201.

...ERSITY LIBRARY
29 JUL 1946
MADRAS

# രാജർഷി

പുസ്തകം 12 | മേടം, എടവം. | ലക്കം 9, 10.



സ്ഥാനത്യാഗംചെയ്ത

## സർ ശ്രീരാമവൎമ്മ കൊച്ചി വലിയതമ്പുരാൻ

ജി. സീ. എസ്സ്. ഐ, ജി സീ. ഐ. ഇ, എഫ്. എം. യു.

തിരുമനസ്സുകൊണ്ടു്.

# വിഷയവിവരം.

1 മംഗളം — എ. അംബുജാക്ഷൻ, തേവര.
2 ആശാന്റെ ശോകരസവും തത്വചിന്തയും. — ശങ്കരൻ കുരിപ്പായ്, ചേന്ദമംഗലം.
3 മധുരാസവം — കുടമാളൂർ കെ. സി. കേശവൻ നായർ ബി. എ.
4 ശബ്ദാലംകാരത്തിന്റെ പേരിൽ — വിദ്വാൻ കെ. വി. രാഘവൻ.
5 കവനകേളി. — കീരംകുളങ്ങര പി. എൻ. എളയത്.
6 കുടമാളൂർ സ്മരണകൾ. (തുടർച്ച) — വിദ്വാൻ അടയത്ത് കൃഷ്ണപിള്ള.
7 മംഗളം — ചെന്നിത്തല കെ. കൃഷ്ണയ്യർ.
8 മലയാളത്തിലെ നാടകങ്ങൾ. — വിദ്വാൻ കുറുമള്ളൂർ നാരായണപിള്ള, കിടങ്ങൂർ.
9 ഉൾപ്പൂവ് — പഴവിൽ കുഞ്ഞൻ മാരാര്.
10 ശരണോപഹാരം — വിദ്വാൻ ചെന്നിത്തല കെ. കൃഷ്ണയ്യർ.
11 ഝാൻസിയിലെറാണി — കിഴക്കില്ലം കെ. എൻ. വാസുദേവൻനമ്പൂതിരി

**കണ്ണൽ ലക്ഷ്മി**

ഗ്രന്ഥകർത്താ:— തിക്കോടിയൻ

റാണി ഓഫ് ജാൻസി റജിമെന്റിലെ ലഫ്ടനന്റ് കണ്ണലായിരുന്ന ശ്രീ: ലക്ഷ്മിസ്വാമിനാഥന്റെയും, ഐ. എൻ. എ. യിലെ വനിതാവിഭാഗത്തിന്റെയും സമരചരിത്രത്തിലേക്കു ഒരു നോട്ടം. നിങ്ങൾക്കവരുടെ വീരചരിത്രം അറിയണമെങ്കിൽ ഉടനെ വരുത്തി വായിക്കുക.

തൃശ്ശിവപേരൂർ പാഞ്ചജന്യം ആപ്പീസ്സിൽ കിട്ടും.

വില 0—6—0 (തപാൽ ചിലവു പുറമെ)

# രാജർഷി

പുസ്തകം 12 | മേടം, ഇടവം 1121 | ലക്കം 9, 10

## മംഗളം

ഭാഷാകല്പലതേതി സംജ്ഞകലരും 'രാജർഷി' രാജിക്കണം
ദോഷം ലേശവുമേശിടാതെ സകലക്കാനന്ദവും നൽകണം,
ഹർഷാൽ ഭാവുകവൃഷ്ടി നിന്നിലതിയായ് പൂർണ്ണത്രയീശൻ ചിരം
വർഷിക്കട്ടെ! ലസിക്ക നീ സുചിരമെൻ ഭാഷാവിഭൂഷാമണെ!

എ. അംബുജാക്ഷൻ (വിദ്യാർത്ഥി) തേവര.

## ആശാന്റെ ശോകരസവും തത്വചിന്തയും.

ശങ്കരൻ കരിപ്പായി, ചേന്ദമംഗലം.

ഹൃദയത്തിന്റെ ഏതു് ഉള്ളറകളേയും തുറക്കും; ശാന്തഗംഭീരമായ അവഃലാകനത്തിൽ തന്നെ നില്ക്കും; ശശ്വത്തായ വികാരങ്ങൾ ഉദ്ദീപിപ്പിക്കുകയും ചെയ്യും; ഇതാണു് ആശാന്റെ ശോകരസസ്ഥായിയായിട്ടുള്ള കവിതകളുടെ വൈശിഷ്ട്യം. കവിസഹജമായ സഹതാപബുദ്ധി സ്വൈരമായി പ്രവഹിച്ചു്, നവീനങ്ങളായ തത്വചിന്തകൾ ഇടകലന്നു്, സഹൃദയന്മാരിൽ ചെന്നു് അലതല്ലുന്നവയുമാണു് അദ്ദേഹത്തിന്റെ മിക്ക കവിതകളും. മദോന്മത്തമായ ഏതു ഹൃദയത്തേയും നിശ്ചലതയിൽ നിറുത്തി, മനോഹരങ്ങളായ തത്വഗീതങ്ങൾ കോരിപ്പകരുവാൻ അവക്കു് ഒരു പ്രത്യേകചാതുര്യമുണ്ടു്. പാരവശ്യപ്പെട്ടു കണ്ണുനീർപൊഴിക്കത്തക്ക ദുഃഖത്തിന്റെ മൂർദ്ധന്യാവസ്ഥയിലാക്കാതെ, മനസ്സിനെ ഏകാഗ്രമാക്കുവാനുള്ള ശോകരസത്തെ സംജാതമാക്കുക മാത്രമേ അവയിൽ മിക്കതും ചെയ്യുന്നുള്ളു. ഇങ്ങനെ ഏകാഗ്രതയിൽ എന്തിനേയോ ഉററുനോക്കിക്കൊണ്ടിരിക്കുമ്പോഴാണു് ലളിതമധുരമായ തത്വവചനാമൃതത്തെ ആശാൻ സഹൃദയന്മാരുടെ മുമ്പിൽ കാഴ്ചവെയ്ക്കുന്നതും.

"വീണപൂവി"ലുള്ള ശോകരസത്തിനു് ഒരു പ്രത്യേകതയും പ്രാധാന്യതയുമുണ്ടു്. സവ്വവിലീനമായ ശൃംഗാരം വായനക്കാരനെ എന്തെന്നില്ലാതെ ആനയിക്കുന്നതോടുകൂടി—എന്തെന്നില്ലാതെ പുളകം കൊള്ളിക്കുന്നതോടുകൂടി വിയോഗവിവശമായ ദുഃഖവും കൂടത്തന്നെ പോകുന്നു. ശൃംഗാരത്തിനും ശോകത്തിനും കുറവും കൂടുതലു

മില്ലാതെ ആദ്യന്തം തത്വരത്നങ്ങൾ ഇടകലർത്തി കോർത്തിട്ടുള്ള മനോഹരമാല്യമാണ് ആശാന്റെ വീണപൂവു്.

ആദ്യം തന്നെ—

"ഹാ പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ"

എന്ന പൂർവ്വാർദ്ധത്തിൽ നിന്ന് വ്യസനഭാവതടം പ്രസ്പഷ്ടമാണ്. "ഹാ പുഷ്പമേ!" എന്ന വ്യസനാതിശയമായ സംബോധന "അധികതുംഗപദത്തിലെത്ര ശോഭിച്ചിരുന്നു" എന്നതിലുള്ള ഭൂതകാലക്രിയയുടെ പ്രയോഗംകൊണ്ടു് വർത്തമാനകാലത്തെ ഊഹ്യമായ നില; "എത്ര ശോഭിച്ചിരുന്നു" അതേ, വളരെ വളരെ ശോഭിച്ചിരുന്നു എന്ന അർത്ഥസംപുഷ്ടിയുള്ള 'എത്ര'പ്രയോഗം; ഇങ്ങനെ സാർവ്വത്രികമായി പറയാതെതന്നെ പറഞ്ഞു് പൂവു വീണുപോയെന്നു വായനക്കാരനെ അറിയിക്കുന്നു.

"ശ്രീ ഭൂവിലസ്ഥിര, അസംശയം— ഇന്നു നിന്റെ-
യാ ഭൂതിയെങ്ങു? പുനരെങ്ങു കിടപ്പതോർത്താൽ?"

നോക്കുക, ഉടനേതന്നെ പറയുന്നതു്. 'ശ്രീ ഭൂവിലസ്ഥിര'യെന്ന തത്വശകലമാണ്. അതു വളരെ പരമാർത്ഥമെന്ന് ആരും സമ്മതിക്കും. 'അസംശയ'മായിത്തന്നെ വകവെച്ചുകൊടുക്കും. ഇങ്ങനെ ഹൃദയം കവരുന്നേടത്തു് കൌശലത്തിൽ തത്വചിന്തകൾ സാനന്ദം പാടിക്കൊടുത്തു മയക്കുന്ന ഒരു അസാധാരണത്വം ഈ മഹാകവിയുടെ കവിതയിൽ എല്ലായിടത്തും കാണാം. ഒടുവിൽ പറയുന്നു:

"കണ്ണേ! മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീമലരു, വിസ്മൃതമാകുമിപ്പോൾ,
എണ്ണീടുകാർക്കുമിതുതാൻ ഗതി സാദ്ധ്യമെന്തു
കണ്ണീരിനാൽ, അവനിവാഴ്വു കിനാവു കഷ്ടം!"

"നളിനി" അഥവാ "ഒരു സ്നേഹം" എന്നുള്ള ആ ഖണ്ഡകൃതി പേരുകൊണ്ടു് സ്നേഹഭൂയിഷ്ഠമായ ഒരു ആനന്ദഗീതിയാണെന്ന് ആദ്യം തോന്നാമെങ്കിലും, ദുഃഖപര്യവസായിയായി, സഹൃദയന്മാരുടെ ഹൃദയതന്തുവിൽകൂടി ശോകഗാനങ്ങളെ അനവരതം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യസനാത്മകമായ കാവ്യമാണ് 'നളിനി'. സ്നേഹപ്രതിപാദകങ്ങളായ മുക്തകങ്ങൾ ഏതു അരസികന്മാരേയും ആനന്ദതുന്ദിലരാക്കുംവിധത്തിൽ വിപ്രലംഭശൃംഗാരക്കൊഴുപ്പോടുകൂടി അതിൽ കാണാമെങ്കിലും കഥാനായകനായ ദിവാകരൻ— ആയതിവര്യൻ— നളിനീസമാഗമത്തിനുശേഷം അവളെ വിട്ടുപോകുമ്പോൾ തടുത്തു നിറുത്തി പറയുന്നതും, ഒടുവിൽ അദ്ദേഹത്തിന്റെ 'ബാഹ്വന്തരം ചരമശയ്യയാക്കി'യതുമൊക്കെ ഹൃദയത്തുടിപ്പോടുകൂടിയല്ലാതെ നമുക്കു കാണ്മാൻ കഴികയില്ല.

"ആരറിഞ്ഞു തനുഭൃത്തുകൾക്കു നി-
സ്സാരമേവമസുബന്ധമെന്നഹോ. . ."
"ത്യാഗമേവനു വരും സമഗ്രമീ-
ഭോഗലോലന ജഗത്തിലെന്നുമേ. . . ."

എന്നും മററും വ്യസനാതിശയത്തിൽ പറയുന്ന ഓരോ തത്വവും വായിച്ചുനോക്കുമ്പോൾ അതിലുള്ള ആസ്വാദ്യത അനന്യവൈശിഷ്ട്യമുള്ളതാണെന്നു് ആർക്കാണറിയാത്തതു്!

ലീല 'പ്രണയപരവശ'യാണെന്ന് ആശാൻ സഖിയെക്കൊണ്ടു ആദ്യംതന്നെ സംബോധനാരൂപത്തിൽ നമുക്കു പറഞ്ഞുതരുന്നു. പ്രണയവും പാരവശ്യവും ഒരേ സമയത്തു ഉൾക്കൊണ്ടു് 'നെടുമോഹനിദ്ര'യിൽ കിടക്കുന്നവളാണു ലീല. പ്രണയം ശൃംഗാരരസത്തിന്റെയും പാരവശ്യം ശോകരസത്തിന്റെയും ബഹിസ്ഫുരണ-

ങ്ങളാണല്ലോ. 'മദന'ചിന്തകൊണ്ടു വീടും നാട്ടുമുപേക്ഷിച്ചു അതിഭീകരമായവിന്ധ്യാചലത്തെ ശരണം പ്രാപിക്കുന്ന 'ലീലാ' 'മാധവി'മാരുടെ സംവാദങ്ങളിൽ ആർദ്രചിത്തരാകാതെ ആരാണു ചെവികൊടുക്കുന്നതു്?

നായികാനായകന്മാർ 'ദേവാ'നദിയിൽ ലയിച്ചതോടുകൂടി അശരണയായിത്തീർന്ന തോഴിയോടു സാന്ത്വനമോതുന്നതു നോക്കുക:-

"ആരും തോഴീ! യുലകിൽ മറയു-
ന്നില്ല; മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
ദേഹിതാൻ ദേഹബന്ധം;
പോരും ഖേദം; പ്രിയസഖി! ചിരം-
വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ;—വിരതഗതിയാ-
യില്ല സംസാരചക്രം."

ഇങ്ങനെ അക്ലിഷ്ടമായരചനാവൈഭവത്തിന്റേയും അനുസ്യൂതമായ ആശയഗാംഭീര്യത്തിന്റേയും മധുരനിഷ്യന്ദിയായ കാവ്യതല്ലജങ്ങൾ ഭാഷാഭണ്ഡാഗാരത്തിൽ അധികമുണ്ടെന്നു തോന്നുന്നില്ല.

രാവും പകലും പോലെ മാറിമാറി വന്നുകൊണ്ടിരിക്കുന്ന ദുഃഖസുഖങ്ങളെ സീതയുടെ അന്തരംഗത്തിൽ നിന്നു് സൂക്ഷ്മവും ഹൃദയംഗമവുമായ രീതിയിലാണു് ആശാൻ പുറപ്പെടുവിക്കുന്നതു്. എന്നാൽ സാഹിത്യഗുണത്തിനുള്ള ന്യൂനതവരാതെ ആദ്ധ്യാത്മികമായ തത്വചിന്ത വ്യസനത്തിന്റെ വികാരവിജൃംഭിതമായ വശത്തുകൂടിപ്രവഹിക്കുമ്പോൾ ആരുടേയും കരളലിയാതിരിക്കയുമില്ല. മാത്രമല്ല, യുക്തിയുക്തമായി ന്യായാന്യായങ്ങളെ വിചിന്തനം ചെയ്തു് കവിതാരസത്തിനു മാററുകൂട്ടുംവിധത്തിൽ തത്വരത്നങ്ങൾ നിരത്തിയണിയിച്ചിട്ടുള്ള ഒരു ഖണ്ഡകൃതിയാണു 'ചിന്താവിഷ്ടയായ സീത'.

"നിലയററസുഖംസുഖങ്ങളാ-
മലയിൽ താണുമുയർന്നുമാർത്തനായ്,
പലനാൾ കഴിയുമ്പൊൾ മോഹമാം
ജലധിക്കക്കരെ ജീവിയേറിടാം,
"അഥവാ സുഖദുഃഖമേറുവാൻ
സ്ഥിരമായ്നിന്നൊരു കൈശരീരിയേ
വ്യഥയാംവഴിയൂടെയമ്പിനാൽ
വിരവോടുന്തിവിടുന്നുതന്നെയാം."

എന്നിങ്ങനെ വ്യസനത്തിന് ആശ്വാസം അവസരോചിതം അരോചകമാകാതെ പ്രതിപാദിക്കുവാനുള്ള ഒരു പ്രത്യേകപാടവം ആശാന്റെ കവിതകൾക്കുണ്ടു്. വ്യസനാധിക്യത്താൽ ലോകത്തോടുതന്നെ നീരസം തോന്നിയും ജീവിതാശകളെ തൃണവൽഗണിച്ചും വിരഹിണിപ്പട്ടം സ്വീകരിച്ചും ചിന്താകുലയായ മട്ടിലാണു് സീതയുടെ മനോവ്യാപാരമെന്നു് ഏതു വരി വായിച്ചാലും പറയാതെതന്നെ നമുക്കറിയാം. പതിരാഗജന്യങ്ങളായ പ്രിയഭാവങ്ങൾ ചിന്തിക്കാതെയും പ്രണയം തലപൊക്കിടാതെയും ശോകത്തിലാണ്ടിരിക്കുന്ന ആ ദേവി 'ഭുവനത്തിനു മോടികൂട്ടിയിരുന്ന' സുഖസമൃദ്ധമായ കാലങ്ങൾ 'ദുർവ്വിധിതന്റെ ധൂർത്തെഴും മുഖഹാസങ്ങൾ കണക്കെ മാഞ്ഞ'തോർത്തു ചിന്താധീനയാവുകയാണു് ചെയ്യുന്നതു്. ആശാന്റെ 'ചിന്താവിഷ്ടയായ സീത' വായിക്കുമ്പോൾ ഒരു പുതിയ തത്വബോധത്താലും ശോകതരളമായ ഹൃദയവ്യാപാരത്താലും വേറൊരു ചിന്താവിഷ്ടനായിത്തീരുകയാണു് ആരും ചെയ്യുന്നതു്.

ഷെല്ലിയുടെ 'അഡോണാ'യെപ്പോലെയും മിൽട്ടന്റെ 'ലിസിഡാസ്'നെപ്പോലെയും ആശാന്റെ പ്രരോദനം ഭാഷയിൽ വിലാപകാവ്യങ്ങളുടെ അഗ്രിമസ്ഥാനം വഹിക്കുന്നു എന്നുള്ളതു് അവിതർക്കിതമാണല്ലോ. പ്രഫസർ എ. ആർ. രാ

ജരാജവർമ്മ കോയിത്തമ്പുരാന്റെ ചരമം കൊണ്ടുള്ള അസഹ്യമായ താപഭാരത്തെ മററുള്ളവരിലും തത്തുല്യമായ ഒരു വിയോഗദുഃഖം ജനിപ്പിക്കത്തക്കവിധത്തിൽ എഴുതിയ ഒരു ഖണ്ഡകാവ്യമാണ് പ്രരോദനം. 'വഞ്ചിലക്ഷ്മി'യേയും 'മാടമഹീലക്ഷ്മി'യേയും 'മലബാർ ശ്രീ'യേയും 'നിത്യാപത്യമായ കൈരളി'യോടുകൂടി അനുശോചിപ്പിച്ച് നിലവിളിപ്പിക്കമാത്രമല്ല ചെയ്യുന്നത്; പ്രകൃതിസിദ്ധമായ വേദാന്തവൈപുല്യത്തെ ഔചിത്യദീക്ഷയോടുകൂടി പ്രയോഗിച്ചിരിക്കുന്നതിലാണ് ആശാൻ അതുല്യമായ തന്റെ പാടവം പ്രകടിപ്പിച്ചിരിക്കുന്നത്. 'പ്രരോദനം' എന്നുള്ള ഈ ഖണ്ഡകൃതിയുടെ അന്വർത്ഥമായ നാമധേയം സാഹിത്യലോകത്തിൽ ചിരപ്രതിഷ്ഠയെ സാധിച്ചുകഴിഞ്ഞുവെന്നു പറയാതെ നിവർത്തിയില്ല.

"ലോകം നിത്യചലം, വ്യഥാമതിഭയം
തോന്നുന്നു മാററങ്ങളിൽ,
പാകത്തിൽ പൊരുളൊന്നുതന്നെ പലതാ
മദ്ദേശകാലങ്ങളാൽ,
ഏകവ്യാകുലവിശ്വചക്രപടലം
ധർമ്മാക്ഷദണ്ഡത്തിൽനി-
ന്നാകല്പം ചുഴലുന്നു, തത്ഗതിതടു-
പ്പാനില്ല കൈയാർക്കുമേ!"

ഇത്തരത്തിലുള്ള ആശയവൈശിഷ്ട്യവും അവിച്ഛിന്നമായ ചിന്താസരിണിയുടെ അനർഗ്ഗളപ്രവാഹവും ആശാന്റെ പ്രരോദനത്തിൽ ശ്ലോകംപ്രതി ആർക്കും കാണാവുന്നതാണ്.

മസൃണശിലാതലത്തിൽ നിന്നു ചെട്ടിയാരെ സല്ക്കരിപ്പാനായി അരയന്നപ്പിടപോലെ കുണുങ്ങിനടന്നുപോയ മതിമോഹിനിയേയും, ന്യായാധിപതി, ചെവിയും മൂക്കും കരചരണങ്ങളും, മുറിച്ചു കാട്ടിൽതള്ളുവാൻ വിധിച്ചതനുസരിച്ച് ശ്മശാനത്തിൽ വെട്ടിയരിഞ്ഞ മലവാഴത്തടിപോലെ കിടക്കുന്ന ആ വാസവദത്തയേയും ഒരാളായി കാണിച്ചുതന്നിട്ട്:–

"ഹാ! സുഖങ്ങൾ വെറുംജാലം ആരറിവൂ നിയതിതൻ
ത്രാസുപൊങ്ങുന്നതും താനേ താണുപോവതും"

എന്നല്ലാതെ മററന്തുസമാധാനമാണു പറവാൻ കഴിയുന്നത്. ശൃംഗാരത്തിന്റെ സീമാതീതമായ രസഭാവനയിൽ നിന്നും–തികഞ്ഞ ഒരു വാരനാരിയുടെ അതിരററ അനുരാഗവായ്പിൽനിന്നും ശോകത്തിന്റെ അടിത്തട്ടിൽ എത്തിച്ചേർന്നിരിക്കുന്ന ചിത്രങ്ങളെ നമുക്കു കാണിച്ചുതരുന്നതു തത്വഹാരങ്ങൾ അണിനിരത്തീട്ടുള്ള സോപാനമാർഗ്ഗത്തൂടെയാണല്ലോ. കരുണയെപ്പോലെ ആശാന്റെ കാവ്യനിർമ്മാണകൌശലം വിശദമാക്കുന്ന മററൊരുകൃതിയില്ലെന്നു തികച്ചും ധൈര്യപ്പെടാവുന്നതാണ്. അതിന്റെ പ്രതിപാദനരീതിയും ഘടനാമർമ്മജ്ഞതയും അത്ര സുപ്രസന്നമാകുന്നു.

"ഉൽക്കടശോകതിക്തമല്ലോർക്കിലിന്നായ നാംബു
'ദുഃഖസത്യ'ജ്ഞാനലധീരൻ കരകയില്ല;
തൽകൃതാർത്ഥതാസുഖത്തെൻ തുള്ളിയല്ലതു, ജന്തുവി-
നുൽക്രമണത്തിൽ മോദിക്കാഹൃദയാലുക്കൾ
ക്ഷിപ്രസിദ്ധികൊണ്ടുതുന്ന വിസ്മയരസവുമല്ല-
ത്ഭുതചാപലം ഹേതു ദശിയാന്നിടാ,
കരുതാം മറൊന്നല്ലതു 'കരുണ' തൻകയത്തിലെ
പരിണതോജ്ജ്വലമുക്താഫലമല്ലാതെ."

ഇങ്ങനെയുള്ള പരിണതോജ്ജ്വലങ്ങളായ മുക്താഫലങ്ങളെ 'കരുണതൻകയ'ത്തിൽ സാർവ്വത്രികമായിക്കാണാൻ കഴിയും.

'ദുരവസ്ഥ' 'ചണ്ഡാലഭിക്ഷുകി'മുതലായ ആശാന്റെ മറുകൃതികളും ശോകര

സത്തിന്നു് അശേഷവും കുറവില്ലാതെ വേണ്ട വചോവിലാസത്തോടുകൂടിയ തത്വഭൂഷണങ്ങൾ അണിഞ്ഞിട്ടുള്ളവ തന്നെയാകുന്നു. ശോകരസം ആശാന്റെ ജീവിതത്തെ അനുഗമിച്ചുകൊണ്ടു തന്നെയുണ്ടായിരുന്ന ഒരു പ്രത്യേകതയാണെന്നു അദ്ദേഹത്തിന്റെ അന്ത്യശേഷവും ലോകത്തിനു വെളിപ്പെടുന്നപോലെയാണല്ലോ ആ പുണ്യപുരുഷൻ ദിവംഗതനായതു്. തത്വജ്ഞാനത്തിന്റെ തളർച്ചയില്ലാത്ത താരുണ്യത്തെ ആശാനവർകൾ അർപ്പിച്ചുകൊണ്ടു ഭാഷാദേവിയെ പ്രീണിപ്പെടുത്തി, ശോകാത്മകമായ തന്റെ ജീവിതവിപഞ്ചികയുടെ ആഗീതാനിർഝരിയെ എന്നെന്നേക്കുമായി അവസാനിപ്പിച്ചതിൽ അസ്മാദൃശന്മാർക്കുള്ള അളവററ ശോകത്തെ എങ്ങിനെയാണു് പരിഹരിപ്പാൻ സാധിക്കുന്നതു്. എന്നാലും അനശ്വരമായ കവിയശസ്സിനെ സമ്പാദിച്ചു് അല്പകാലംകൊണ്ടു്, കൈരളിയിൽ എന്നല്ല വിശ്വസാഹിത്യത്തിൽത്തന്നെ പുരോഗമനം ചെയ്തിരുന്ന സാഹിത്യസേവകന്മാരിൽ ഉന്നതസ്ഥാനം എടുത്ത മഹാനാണു് ആശാൻ എന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുകയില്ല.

---

## മധുരാസവം.

---

(കുടമാളൂർ, കെ. സി. കേശവൻനായർ ബി. എ.,)

(കേക)

മതിയാവോളം നമുക്കോമനേ, നുകർന്നീടാം
മധുരാസവം—പാനഭാജനം നിറച്ചേക്കൂ!
കേവലം ശങ്കാധീനമായ ഭാവിയെച്ചൊല്ലി-
യീവിധം വിഷാദത്തിൽ വീണുതാണുഴന്നാലോ?
രാത്രിതൻ വരവോർത്തു കഷ്ട,മിപ്പകലിന്റെ
മാർത്തടം കണ്ണീരിനാൽ തപ്തമായ്ചമച്ചാലോ?
സംശയം വിളമ്പുന്ന നാളത്തെ മധുവുണ്ണാൻ
ഹന്ത നാമിന്നേ തന്നെ പട്ടിണി കിടക്കയോ?
ഏറെനാളഭിലഷിച്ചിങ്ങു വന്നൊരീ വസന്തത്തെ-
ക്കൂരിരുൾക്കൊടിയോടെ സ്വീകരിക്കയോ നമ്മൾ?
എഴുന്നേല്ക്കുക വേഗമോമലേ,യാനന്ദത്തിൽ
മുഴുകാ,മനവദ്യ മാധുര്യം നുകർന്നീടാം!
ഇല്ലിതിന്നപ്പുറം നാകവും നരകവു-
മില്ലവയെല്ലാം വെറുംമൂഢന്റെ മിഥ്യാബോധം.

---

## ശബ്ദാലംകാരത്തിന്റെ പേരിൽ.

---

(വിദ്വാൻ കെ. വി. രാഘവൻ.)

കാളിദാസന്റെ അലംകാരപ്രയോഗവും ഭാരവിയുടെ അർത്ഥഗൌരവവും ദണ്ഡിയുടെ പദലാളിത്യവും ഒത്തുചേർന്നതാണു് മാഘന്റെ കാവ്യമെന്നു പറയാറുണ്ടല്ലോ.

വാസ്തവത്തിൽ ഇതു് പണ്ഡിതന്മാരുടെ ഒരു കാഹളംവിളി മാത്രമാണെന്നു പലൎക്കും അഭിപ്രായമുണ്ടു്. ഗദ്യത്തിലായാലും പദ്യത്തിലായാലും ഒരു കൂട്ടർ അനുവാചകന്മാരെ സംഭ്രമിപ്പിക്കത്തക്ക ചെപ്പടിവിദ്യകൾ പ്രയോഗിക്കാറുണ്ടു്. അവരും കടംകഥക്കാരും തമ്മിൽ വലിയ അന്തരമില്ല. പ്രസ്താവ്യമായ കാൎയ്യമായിരിക്കയില്ല, അവരുടെ ശ്രദ്ധയിൽ പെടുക; പ്രത്യുത അവരുടെ കസൎത്തുവിദ്യയായിരിക്കും. 121 തുലാം, വൃശ്ചികം രാജൎഷിയിൽ മി. ടി. ആർ. നായർ 'ശബ്ദാലംകാര'മെന്നപേരിൽ ചില കവികളെ കണ്ണുംപൂട്ടി കടന്നുപിടിച്ചിരിക്കുന്നു. മയൂരസന്ദേശത്തിന്റെ മഹിമാതിശയം, വള്ളത്തോളിന്റെ പ്രാസഭംഗി, ആശാനു പററിയ അബദ്ധം, ഉള്ളൂരിന്റെ ശബ്ദാൎത്ഥപ്രൌഢി ഇത്രയും കാൎയ്യത്തിലാണു് അദ്ദേഹത്തിന്റെ പിടുത്തം. അദ്ദേഹം ചോദിക്കുന്നു: 'ദ്വിതീയാക്ഷരപ്രാസാദികളും അൎത്ഥാലംകാരാദികളുംകൊണ്ടു അതികമനീയമായിട്ടുള്ളതല്ലേ മയൂരസന്ദേശം'. അതേ, സമ്മതിച്ചു; പക്ഷേ, ഒരു സംശയം ചോദിച്ചുകൊള്ളട്ടെ!

"കയ്യാലേന്തിക്കുതുകമിയലും കുട്ടികൾക്കും (പഠിപ്പാൻ
വയ്യാതല്ലാതുരുതരഫലശ്രേണിതൂങ്ങി (ക്കിടക്കും"

എന്ന പദ്യത്തിൽ 'വയ്യാതല്ലാതെ' എന്നു നീട്ടിവലിച്ചതു് പ്രാസത്തിന് വേണ്ടിയാണെന്നു് ഒരു നിരൂപകൻ അഭിപ്രായപ്പെട്ടപ്പോൾ വാഗ്ഭടൻ അതിനു സമാധാനം പറയുവാൻവേണ്ടി വായനക്കാരെ 'വളച്ചുകെട്ടു'കളിലും 'ഇടവഴി'കളിലുമൊക്കെ നടത്തി വിഷമിപ്പിച്ചതിന് പഴയലക്കം മാതൃഭൂമിആഴ്ചപ്പതിപ്പു് സാക്ഷിയാണു്. അതിനെന്താണു സമാധാനം? ഇനിയും വായനക്കാരെവിടില്ലെന്നാണോ ഭാവം. നടക്കട്ടെ.

തുടൎന്നു മി: നായർ ചോദിക്കുന്നു:– "നോക്കുക; മഹാകവി ഉള്ളൂരിന്റെ ഏതു കവിതകളിലും ശബ്ദാലംകാരം മുന്നിട്ടുനില്ക്കുന്നതു. ഉമാകേരളമഹാകാവ്യം ശബ്ദാൎത്ഥാലംകാരഭംഗികൊണ്ടു അത്യുത്തമമാണെന്നതിനു സംശയമുണ്ടോ?" ഉള്ളൂർ ശബ്ദാലംകാരപ്രിയനും പ്രൌഢഭാഷാഭിമാനിയുമാണു്. മാത്രമല്ല, ഒരു തികഞ്ഞ പണ്ഡിതൻകൂടിയാണു്. അദ്ദേഹത്തിന്റെ കൃതികൾ വായിക്കാൻ മാത്രമല്ല, പഠിക്കാൻകൂടി വകയുള്ളതാണെന്നു് എല്ലാപേൎക്കുമറിയാം. എന്നാൽ അദ്ദേഹവും ആ രീതി ഒന്നു മാററിയിട്ടില്ലേ ഇന്നു്. ഉമാകേരളത്തിനുശേഷം അദ്ദേഹം വാമനാവതാരം കഥയെ ഒരു മഹാകാവ്യത്തിന് വിഷയമാക്കാൻ ശ്രമിച്ചില്ലേ? എന്തുകൊണ്ടു് അദ്ദേഹം അതു മുഴവനാക്കിയില്ല. കാലം അദ്ദേഹത്തെ വിലക്കി എന്നു വേണം നിശ്ചയിക്കുവാൻ. കവികൾ മുന്നോട്ടും വിമൎശകന്മാർ പിന്നോട്ടും പോയാലത്തെ കഥ എന്തായിരിക്കും!

മഹാകവി എഴുതാറുള്ള ഇന്നത്തെ കവിതകളൊക്കെ എത്ര ലളിതമാണു്! ഇക്കൊല്ലത്തെ 'പൌരധ്വനി' വിശേഷാൽ പ്രതിയിൽ ചേൎത്തിട്ടുള്ള ഉള്ളൂരിന്റെ കവിത നോക്കുക. അദ്ദേഹത്തിന്റെ പെരിയാറും കന്യാകുമാരിയിലെ സൂൎയ്യോദയവും എങ്ങോ ഓടിയൊളിച്ചു.

മലയാളത്തിൽ സാഹിത്യപ്രയത്നം ചെയ്താലെന്താണു പ്രതിഫലം? ഒരു ഭാഷാപോഷിണി പ്രസംഗത്തിലാണെന്നു തോന്നുന്നു, പരേതനായ കേരളകാളിദാസൻ തിരുമനസ്സുകൊണ്ടു്, മലയാണ്മയിൽ പുസ്തകമെഴുതിയാൽ എന്തുകിട്ടുമെന്നചോദ്യത്തിനു്, കൈക്കുളങ്ങരെ രാമവാരിയരുടെ ജീവചരിത്രം ഉത്തരം പറയും എന്നു പറകയുണ്ടായിട്ടുണ്ടു്.

"സാഹിത്യത്തിനു വളച്ചവരേണമെങ്കിൽ സാഹിത്യംകൊണ്ടുതന്നെ ഉപജീവ

നം കഴിക്കാമെന്ന നിലവരണം. പരിഷ്കൃതരാജ്യങ്ങളിൽ കവിതയെഴുത്തുകാൎക്ക് ആ വേലകൊണ്ടുതന്നെ ഉപജീവിക്കാമെന്നുമാത്രമല്ല, കോടീശ്വരനാവുകകൂടിച്ചെയ്യാം. ഇരുപതുകൊല്ലങ്ങൾക്കുമുമ്പ് കവിതയെഴുതിത്തുടങ്ങിയ ആൾ ഇന്നും ഒരടിമുന്നോട്ടുപോകാതെ അതേനിലയിൽതന്നെ നില്ക്കുന്നതായിനോക്കിയാൽ കാണാം. ഉണ്ടായിരുന്ന ആശയങ്ങൾ ചിലവായിക്കഴിഞ്ഞു. ഇനി വേറെസമ്പാദിക്കണം. അതിനു ലോകത്തിലെ മഹാന്മാരുടെ ആശയങ്ങൾ മനസ്സിലായിരിക്കണം" എന്നു വള്ളത്തോൾ പ്രസംഗിച്ചിട്ടുണ്ട്. ഇതുകൊണ്ടെന്താണു മനസ്സിലാക്കേണ്ടതു്. ലോകം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു; ആ ലോകത്തിന്റെ തന്നെ പ്രതിഫലനമോ പ്രകാശമോ ആയ സാഹിത്യവും മുന്നോട്ടുപോകുന്നു. ഇതു മനസ്സിലാക്കാതെ പ്രയാണം ചെയ്യുന്നവരുടെ ഗതി അവഹേളനത്തിന്നല്ലേ പാത്രമാവുക. നമ്മുടെ ചിലസാഹിത്യകാരന്മാർ ഈ തത്വം മനസ്സിലാക്കീട്ടുണ്ട്. അല്ലെങ്കിൽ അവൎക്ക് ഇന്നത്തെ മേന്മകിട്ടാൻ വഴിയില്ല.

ലേഖകൻ ശബ്ദാലങ്കാരഭ്രമത്തിൽ മാറുള്ളതെല്ലാം മറക്കുകയോ മായ്ക്കുകയോ ചെയ്തിരിക്കുന്നു. ശബ്ദം കാവ്യഭംഗിയെ വളൎത്തുന്നുണ്ടെങ്കിൽ ചിലഭാഗങ്ങളിൽ അൎത്ഥഭംഗിയെ കെടുത്തുന്നുമുണ്ടെന്ന കാൎയ്യം വിസ്മരിക്കാവുന്നതല്ല. "വക്രോക്തിയാണു് കാവ്യത്തിന്റെ ജീവൻ" എന്നു പറയുന്നവരുമുണ്ടല്ലോ.

ഉമാകേരളത്തിലുള്ളതല്ല ആ സഭ്യവൎണ്ണന. അവിടെ ഒരസ്വാരസ്യവും ലേഖകൻ കണ്ടെത്തുന്നില്ലെന്നോ? ഔചിത്യദീക്ഷയുടെ അതിരു കവിഞ്ഞിട്ടില്ലേ ആ കബന്ധപ്രസ്താവനയും യുദ്ധഭൂമിയുമൊക്കെ. ശബ്ദാലങ്കാരങ്ങളെ കൂട്ടുപിടിച്ചതുകൊണ്ടല്ലേ ഇതൊക്കെ സംഭവിച്ചതു്. അതിനു മി: നായർ സമാധാനം പറയുമായിരിക്കും; ദുൎബ്ബലനായ രാജാവിന്റെ സഭ്യപട്ടമെങ്കിലും യുദ്ധപട്ടത്തിൽ കഴിഞ്ഞതല്ലോ എന്നു്. ഉള്ളൂരിന്റെ 'തലയെടുപ്പു'ള്ള പദ്യങ്ങൾ വായിക്കാൻ സുഖമുള്ളതുതന്നെ. അതുകൊണ്ടു ശബ്ദാലങ്കാരം കൂടിയേ കഴിയൂ എന്നും, അതു ഉപയോഗിക്കാത്തവരെല്ലാം അശക്തരാണെന്നും പറഞ്ഞാൽ കേൾക്കാൻ അധികം പേരുണ്ടാവാൻ വഴിയില്ല.

ആദികവിയായ വാല്മീകിയുടെ രാമായണരീതിയും പിൻവാഴ്ചക്കാരായ മററു ചില കവികളുടെ രീതിയും ഒന്നു പരിശോധിച്ചുനോക്കുക. അപ്പോൾ അറിയാം ശബ്ദഭ്രമക്കാൎക്കല്ലോ സ്ഥാനമെന്നു്. പാണ്ഡിത്യമുണ്ടായാൽ മാത്രം കവിയാകണമെന്നില്ലല്ലോ. പാണ്ഡിത്യഗൎവ്വിന്നു് കവിത്വം വഴിമാറുന്നതായിട്ടാണു് അധികവും കണ്ടുവരുന്നതു്. വ്യാകരണനിയമങ്ങളെ പ്രതിപാദിപ്പാൻ വേണ്ടി കാവ്യാധ്വാവിൽ ഇറങ്ങിയവരുമുണ്ടായിരുന്നു അക്കാലത്തു്. എന്തിനധികം "രാമകൃഷ്ണീയം" കൊണ്ടു് തൃപ്തിപ്പെടാതെ "രാഘവപാണ്ഡവീയയാദവീയ"വും സൃഷ്ടിക്കാൻ പണ്ഡിതന്മാർ മുതിൎന്നില്ലേ. ഇവിടെ ശബ്ദഭംഗിക്കുവേണ്ടി കാവ്യസൌന്ദൎയ്യത്തെ ബലികഴിക്കുന്നുണ്ടെങ്കിൽ അത്ഭുതപ്പെടുവാനുണ്ടോ? ഇവയുടെ ഇടയിൽപെട്ട കാളിദാസകവിതയ്ക്കു് വല്ല ഇടിവും സംഭവിച്ചോ? ഭവഭൂതിയുടെ ഉത്തരരാമചരിതത്തിൽ "കണ്ഡൂലദ്വിപഗണ്ഡപിണ്ഡകഷണാകമ്പന" എന്നു തുടങ്ങുന്ന ശബ്ദാലങ്കാരപ്രൌഢി കാളിദാസന്റെ ശാകുന്തളത്തിൽ ഒററപ്പദ്യത്തിലെങ്കിലും ഉള്ളതായിക്കാണുന്നില്ല. എന്നാൽ അശക്തികൊണ്ടാണോ കാളിദാസൻ ശബ്ദാലങ്കാരത്തിൽ തോററുപോയതെന്നു് മി: നായർ പറയുമോ ആവോ?

പക്ഷേ, ഒരു കാൎയ്യം സ്പഷ്ടമാണു.

ലോകം മുന്നോട്ടു പായുന്നു. ബാഹ്യാഡംബരം ബാലിശമാണെന്ന വാദത്തിനു പിടിമുറുകുന്നു. സൌന്ദര്യത്തേക്കാൾ കൂടുതൽ മാർക്ക് സൌശീല്യത്തിനു കിട്ടിക്കൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിൽ നാമതു മനസ്സിലാക്കണം.

അടുത്തതായി അദ്ദേഹം ചോദിക്കുന്നു: "ആശാന് ശബ്ദപ്രയോഗത്തിൽ സാമർത്ഥ്യമില്ലാത്തതു് അശക്തതകൊണ്ടല്ലേ? കുമാരനാശാൻ മനസ്സിരുത്തി ഓരോ കവിതയിലും ശബ്ദഭംഗി നല്ലവണ്ണം വരുത്തിയെങ്കിൽ അദ്ദേഹത്തോടു നേരിടുന്ന ഒരു കവിയും ലോകത്തിൽ ഉണ്ടാകുമായിരുന്നോ?" ഇത്രയും വേണ്ടിയിരുന്നോ? ആശാൻ ലോകത്തിലെ മഹാകവികളെയൊക്കെ ജയിക്കുമായിരുന്നു. എന്തു ചെയ്തിരുന്നെങ്കിൽ? ശബ്ദാലംകാരവും കൂടി ചേർത്തിരുന്നെങ്കിൽ. ഈ ഒരൊററ മൂലിക കണ്ടുപിടിക്കാൻ ഇന്നേവരെ ആർക്കും കഴിയാത്തതിൽ അത്ഭുതം തോന്നുന്നു. പക്ഷേ, ഒരു സമാധാനം, മി: നായർ ഇന്നെങ്കിലും അതു കണ്ടുപിടിച്ചല്ലോ. അസ്ഥാനത്തെ സ്തുതി അപമാനകരമാണെന്ന കാര്യം ലേഖകനെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. ആശാന് ഈ ശബ്ദാലംകാരവിദ്യ വശമുണ്ടായിരുന്നു. അപ്രാപ്തി അതിനു വിലങ്ങടിച്ചുനിന്നിരുന്നില്ല. എന്നാൽ കൂടുതൽ അലംകാരം അദ്ദേഹം ഇഷ്ടപ്പെട്ടില്ലെന്നുമാത്രം. സാഹിത്യാങ്കണത്തിൽ ആശാൻ പിച്ചവെച്ചുനടന്ന കാലത്തൊക്കെ, ഈ ഭ്രമം ആശാനേയും പിടികൂടിയിരുന്നുവെന്ന്, ആശാനെ നേരിട്ടും, അല്ലാതെയും പരിചയമുള്ളവർക്കൊക്കെ അറിയാവുന്നതാണ്. പിൽക്കാലത്തു് അദ്ദേഹമതു് ഉപേക്ഷിക്കയാണുണ്ടായതു്. അതിനു് അദ്ദേഹത്തിന്റെ "നിരയാ നിരയാ നിരയാ" തുടങ്ങിയ ചില ഒററശ്ലോകങ്ങളും, "നിജാനന്ദവിലാസ" വാദ്യങ്ങളുമൊക്കെ തെളിവാണ്. "ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ വന്നുപോം പിഴയുമർത്ഥശങ്കയാൽ" എന്നു് ആശാൻ നളിനിയെക്കൊണ്ടു പാടിച്ചിട്ടുള്ളതിൽനിന്നു ഗ്രഹിക്കാം ശബ്ദത്തേക്കാൾ കൂടുതൽ വില അർത്ഥത്തിനു കൊടുത്തിരുന്നെന്നു്.

'പതിനെട്ടു വാദ്യവും ചെണ്ടയ്ക്കു താഴെ' എന്നു പറയാറുണ്ടു്. പക്ഷേ ഇന്നു് അതാരു വിലവയ്ക്കുന്നു. എന്നാൽ ചെണ്ടമേളം ഭൂമുഖത്തുനിന്നും ബഹിഷ്കരിച്ചിട്ടുണ്ടോ? അതൊട്ടില്ലതാനും. ചിലർ "ഖരതര ദിനകര ചിരത്ര പരിഗത ഗുരുതരവരകര ജാലത്തിൽ" രസിക്കുമ്പോൾ മററു ചിലർ "ചണ്ഡാംശു രശ്മികളാലൊരു വാർവെള്ളി മണ്ഡലം" സൃഷ്ടിക്കുന്നതു കണ്ടു രസിക്കുന്നു. ഇവിടെ "ഭിന്നരുചിഹിർലോകഃ" എന്നല്ലാതെ എന്തു പറയട്ടെ.

മഹാകവി വള്ളത്തോൾ പ്രാസപ്രയോഗത്താൽ എവിടെയെങ്കിലും കാവ്യത്തിൽ അഭംഗി വരുത്തിയിട്ടുണ്ടോ" ഇങ്ങനെ ഒരു ചോദവും മി: നായർ ചോദിക്കുന്നു. കാവ്യത്തിന്നു് അഭംഗി വരുമെന്നു് കാണുന്നിടത്തു് അദ്ദേഹം പ്രാസം പ്രയോഗിക്കാതിരുന്നിട്ടുണ്ടു്. എന്നാൽ അതു് അശക്തതകൊണ്ടല്ല. (മി: നായരുടെ ഭാഷയിൽ അശക്തതയാകാം.) ശബ്ദഭ്രമംകൊണ്ടു് അദ്ദേഹത്തിന് കണ്ണു കാണാൻ പാടില്ലായ്കയില്ല. എങ്കിലും വള്ളത്തോൾ അറിഞ്ഞോ അറിയാതേയോ ചില അവസരങ്ങളിൽ പ്രാസത്തിനുവേണ്ടി ശ്ലോകങ്ങളെ നീട്ടിവലിക്കാറുണ്ടു്; ചിലപ്പോൾ ഒടിക്കാറുമുണ്ടു്, എന്നു പറയാതെ നിവർത്തിയില്ല.

"ഹിതാനുകൂലം ധനദൻ ഭരിക്കു-
ന്നതായദിക്കിൽ പെരുമാറൽ മൂലം,
നിതാന്തമേന്തും വസുവാൽ പ്രചണ്ഡ-
പ്രതാപനായിജ്ജലജാതബന്ധു"

"കീലാലദുർഭിക്ഷമിയന്നിടുന്നി-
ക്കാലാന്തരത്തിൽ കഠിനാതപത്താൽ

"നാലാനനാണ്ഡപ്പുര തീപിടിച്ച-
പോലായ് നിരീക്ഷിച്ചുഴലുന്നു ലോകം"

എന്നു വള്ളത്തോൾ പദ്യങ്ങൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ മറ്റു കവിതകൾ വായിച്ചു പരിചയമുള്ള സഹൃദയന്മാരോട് ഇതിന്റെ വളച്ചുകെട്ടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. നാലാനനാണ്ഡം'പോലെയുള്ള ഒരു ദൃഷ്യമല്ല ഇതെന്നിരുന്നാലും മഹാകവിസ്ഥാനം 'ഭരിക്കുന്നതായ' ഒരാളുടെ കവിതയാണിതെന്നോക്കുമ്പോൾ പറഞ്ഞു പോകുന്നതാണ്. അതും 'മുഖത്തു കത്തി' ചോദിച്ചിട്ടു പറഞ്ഞു പോകുന്നതാണ്. ക്ഷമിക്കണേ! സമാധാനിക്കാം. "ഏകോഹിദോഷോ ഗുണസന്നിപാതേ നിമജ്ജതി" എന്നുണ്ടല്ലോ.

കൂടാതെ;-

"ഭൃംഗഹോത്തമസുമങ്ങളേന്തി, രം-
ഭോരു! നിന്നളി നിരാളകങ്ങളെ"
"ഹിതദേഷിയാകുമവിട്ടനു നിശ്ചയി-
പ്പതശേഷമിയ്യിവനു പൂർണ്ണസമ്മതം"
(ചിത്രയോഗം)

ഇത്യാദി ഭാഗങ്ങളിലെ ഒടിക്കൽ അല്ലെങ്കിൽ 'തലവെട്ടൽ' കാവ്യഭംഗിയെ വദ്ധിപ്പിക്കുന്നതായിരിക്കാം!

ഇത്രയും പറഞ്ഞുപോയതുകൊണ്ടു ഞാനൊരു ദോഷദൃക്കു മാത്രമാണെന്നു വായനക്കാർ വിചാരിക്കാൻ വഴിയുണ്ടു്. എന്നാൽ അതല്ല വാസ്തവം. ലേഖകന്റെ ചോദ്യത്തിനു മറുപടി കൊടുത്തതേയുള്ളു. അതുകൊണ്ടു ശബ്ദാലംകാരംകൊണ്ടു ഇന്നു ചില കവികളെ താഴ്ത്താനും ചിലരെ പൊക്കാനും ശ്രമിക്കുന്നതു് ഇന്നത്തെ ലോകത്തിനു ചേന്നതല്ലെന്നാണ് എനിക്കു തോന്നുന്നതു്. കേരളവർമ്മദേവന്റെ കാലം കഴിഞ്ഞു. കൈരളിപ്പെണ്ണു് ഇപ്പോഴുമുണ്ടു്. അവൾക്കുമുണ്ടു് ചില പുതിയ പുതിയ ആഭരണങ്ങൾ അണിയുവാനുള്ള ആഗ്രഹം. അതിനു വിദ്വൽശിരോമണികൾ തയ്യാറാകട്ടെ. ഈയുള്ളവന്റെ ജല്പനം അവസാനിപ്പിച്ചേക്കാം.

# കവനകേളി.

കീരംകുളങ്ങര പി. എൻ. എളയതു്.

(കേക)

ശാന്തിയും സംതൃപ്തിയും കൈകോർത്തുകളിക്കുന്ന
ശാന്തിതൻ നികേതനമെങ്ങഹോ വിരാജിപ്പൂ!
കൂപമണ്ഡൂകബുദ്ധിയോടു പോരടിക്കാതെ
ജീവജാലങ്ങൾ വാഴുമപ്പുണ്യസ്ഥലമെങ്ങോ?
ജ്ഞാനമാം കതിരോന്റെ ചെങ്കതിർ വെളിച്ചത്താൽ
മാനവഹൃൽപത്മങ്ങൾ വിടരും സരസ്സെങ്ങോ?
സത്യവും സനാതനധർമ്മവും, പിഴയ്ക്കാതെ
നിത്യമങ്ങെവിടത്തോ, കർമ്മയജ്ഞങ്ങൾ ചെയ്വൂ?
സമതാസമീരണൻ സാത്വികോപദേശത്താൽ
സകലം കുളുപ്പിക്കുമപ്പൂവാടികയെങ്ങോ?
നാഥ! നീ നയിക്കേണമെന്നെയപ്പരിശുദ്ധ-
ദേവരാജ്യത്തിൻതണൽ പുക്കു വിശ്രമിക്കുവാൻ!!

# കുടമാളൂർ സ്മരണകൾ.

(തുടൎച്ച)

(വിദ്വാൻ അടയത്തു കൃഷ്ണപിള്ള)

മേടമാസത്തിൽ അയച്ച ഒരു കത്തിൽ സുഖക്കേടിനു ആശ്വാസമുണ്ടെന്നും, പൂരം അടുത്തിരിക്കുന്നുവെന്നും, മാസികയെസ്സംബന്ധിച്ച ചില കാൎയ്യങ്ങളെക്കുറിച്ചു തമ്മിൽ ആലോചിക്കാനുള്ളതിനാൽ ഉടനെ തൃശ്ശൂരെത്തണമെന്നും എഴുതിയിരുന്നു. പൂരത്തിനു തലേദിവസംതന്നെ ഞാൻ അവിടെ എത്തി. എന്നെ ഏതാപൽഘട്ടത്തിലും സാന്ത്വനപ്പെടുത്തിയിരുന്ന ആ സ്വൎണ്ണ വിഗ്രഹം ഛിളുറിപ്പോയിരിക്കുന്നു. ഓജസ്സും തേജസ്സും ഒരുപോലെ നശിച്ചു കണ്ണുകുഴിഞ്ഞു മെലിഞ്ഞു കാണാറായ എന്റെ സ്നേഹിതനെ പൂൎവ്വസ്ഥിതിയിൽ എത്തിക്കുന്നതിനു ജഗദീശ്വരനോടു ഉള്ളഴിഞ്ഞു പ്രാൎത്ഥിച്ചുകൊണ്ടു ഞാൻ കുറെനേരം നിന്നനിലയിൽത്തന്നെ നിന്നുപോയി. അദ്ദേഹമാകട്ടെ, അടുത്തുവന്നു എന്നെ ബലപ്പെട്ടു ആലിംഗനം ചെയ്തിട്ടു ഇപ്രകാരം പറഞ്ഞു "അന്യഥാ ചിന്തിതം കാൎയ്യം ദൈവമന്യത്ര ചിന്തയേൽ' എന്നല്ലേ ആപ്തവാക്യം. എന്റെ പ്രകൃതിതന്നെ മാറിത്തുടങ്ങിയിരിക്കുന്നു. ഔഷധത്തിനു ആയുസ്സു നീട്ടാൻ ശക്തിയുണ്ടോ? മാത്രമല്ല, അടുത്തൊരു ദശാസന്ധിയാണു് വരാൻ പോകുന്നതു്. അതോടുകൂടി ഇഹലോകവാസം അവസാനിക്കതന്നെ ചെയ്യും. തങ്കപ്പൻ, എന്റെ പ്രിയപ്പെട്ട മകൻ; അവനെ ഒരു നല്ല നിലയിൽ എത്തിക്കണമെന്നുള്ള ഏക വിചാരമാണു് എന്നെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്നതു്. അതിനും എനിക്കു യോഗമുണ്ടെന്നു തോന്നുന്നില്ല." ഇത്രയും കേട്ടപ്പോൾ എന്റെ ഹൃദയം തകൎന്നു. ജ്യോതിശ്ശാസ്ത്രത്തിൽ അഗാധപാണ്ഡിത്യം നേടിയിട്ടുള്ള അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും വ്യൎത്ഥമായിപ്പോകയില്ലെന്നു എനിക്കറിയാം. എങ്കിലും ചില തത്വോപദേശങ്ങളാൽ ഞാൻ അദ്ദേഹത്തെ സമാധാനപ്പെടുത്തി. പിറേറദിവസം എന്റെ നിൎബ്ബന്ധംകൊണ്ടു പൊറുതി മുട്ടിയതിനാൽ അദ്ദേഹം എന്നെ പോകാൻ അനുവദിച്ചു. വീണ്ടും ഞാൻ സ്നേഹിതന്റെ ആയുരാരോഗ്യാദികൾക്കായി ഈശ്വരനെ ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊണ്ടു അവിടെനിന്നും പോന്നു.

അടുത്തമാസത്തിൽ അദ്ദേഹം അയച്ച ഒരു കത്തു് എന്നെ അത്യന്തം ക്ലേശിപ്പിച്ചു. കയ്യക്ഷരത്തിന്റെ വടിവും സ്ഫുടതയും പാടേ അസ്തമിച്ചിരിക്കുന്നു. ചിലവാക്കുകളിൽ ഒന്നു രണ്ടക്ഷരം തന്നെ കാണുന്നില്ല. അതിൽനിന്നും അദ്ദേഹത്തിന്റെ അനാരോഗ്യമെത്രത്തോളമുണ്ടെന്നു ഊഹിക്കുവാനെനിക്കു നിഷ്പ്രയാസം സാധിച്ചു. പിന്നെ ആ സുഹൃത്തു് എനിക്കു എഴുതയച്ചിട്ടില്ല. മകന്റെ ഒരു കത്തിൽ അച്ഛനു സുഖക്കേടു കലശലാണെന്നും, മറെറാരുകത്തിൽ "കൎക്കിടകമാസം 11-ാംനു ഉച്ചയ്ക്കു് 12മണിക്കു് എന്റെ വന്ദ്യപിതാവു് എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞു പിരിഞ്ഞു" എന്നും എഴുതിയിരുന്നു. ഞാൻ രണ്ടാമത്തെ എഴുത്തു വായിച്ചുതീൎത്തതും ഇരുന്നിടത്തുതന്നെ കിടന്നതും ഒന്നിച്ചു കഴിഞ്ഞു. എന്റെ ഹൃദയവേദന കണ്ണുനീൎവഴിപുറത്തുവന്നപ്പോൾ എന്റെ അമ്മ അടുത്തുവന്നിരുന്നു് എഴുത്തെടുത്തുവായിച്ചു് അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ വൎണ്ണിച്ചു വിലപിക്കാൻ തുടങ്ങി. അമ്മയുടെ ദുഃഖമടക്കാൻ അത്യധികം പ്രയത്നിക്കേണ്ടിവന്നു. ഒരാഴ്ചയോളം അടുത്തുപെരുമാറുവാനിടവന്ന എന്റെ വന്ദ്യമാതാവിനു എന്റെ ആത്മസുഹൃത്തിന്റെ അകാലവിയോഗത്തിൽ ഇത്ര ദുസ്സഹമായ ദുഃഖമുണ്ടായസ്ഥിതിക്കു് ആ മഹാത്മാവിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും ഉണ്ടാകുന്ന ഹൃദയവേദന എത്രത്തോളം ആഴമുണ്ടായിരിക്കണം! ആ സഹോദരന്റെ ആത്മാവിനു നിത്യശാന്തിക്കായി പ്രാൎത്ഥിക്കുകയല്ലാതെ മാട്ടുശന്മാൎക്കു മറെറന്തുചെയ്യാൻ കഴിയും?